**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2242 | 18-07-2016 -ൽ മറുപടിക്ക്

## പ്രകൃതിക്ഷോഭം മൂലം വീട് നഷ്ടപ്പെടുന്നവർക്ക് സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സി. ദിവാകരൻ** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രകൃതിക്ഷോഭം മൂലം വീട് നഷ്ടപ്പെടുന്നവർക്ക് എന്തൊക്കെ അടിയന്തര സഹായമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ? | എ) | പ്രകൃതിക്ഷോഭം മൂലം വീട് വാസയോഗ്യമല്ലാത്ത വിധം നശിച്ചുപോയാൽ അവരെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുകയും അവർക്ക് വെള്ളം, ഭക്ഷണം എന്നിവ ഉൾപ്പെടെയുള്ള അവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും, ചികിത്സ ആവശ്യമായി വരുന്നവർക്ക് അത് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്രകൃതിക്ഷോഭം മൂലം വീട് നഷ്ടപ്പെട്ടവർക്ക് നാശനഷ്ടത്തിന്റെ തോത് കണക്കാക്കി പരമാവധി രണ്ട് ലക്ഷം രൂപ വരെ ആശ്വാസ ധനസഹായം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ